സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ

113 (4399) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നവർക്ക് എം.ഫാം ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റ് ക്വാട്ട നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും എത്രപേർക്കാണ് ഇതിന് അവസരമുള്ളത്;

(സി) ഇത്തരത്തിൽ എം.ഫാം കഴിഞ്ഞവർ നിലവിൽ എത്ര പേരാണുള്ളത് ;

(ഡി) ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ പഠിക്കുവാൻ പോകുന്നവർക്ക് വകുപ്പിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ഇ) പഠനകാലം സർവ്വീസ് ആയിട്ടാണോ പരിഗണിക്കുന്നത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) സർവ്വീസ് ആനുകൂല്യങ്ങളോടെ എം.ഫാം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാർമസിസ്റ്റായി ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന അർഹതയുള്ള ഒരാൾക്ക് വീതം ഓരോ വർഷവും അഡ്മിഷൻ ലഭിക്കും.

(സി) നിലവിൽ 2 പേർ ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ എം.ഫാം. കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധി നൽകാറുണ്ട്.

(ഇ) പഠനകാലം സർവ്വീസ് ആയിട്ടല്ല പരിഗണിക്കുന്നത്. 23-6-2010-ലെ ജി.ഒ.(ആർ.ടി) നമ്പർ 2469/2010/എച്ച്&എഫ്. ഡബ്ല്യു.ഡി. പ്രകാരം ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും നഴ്സ്/പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്കുള്ള ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുള്ളതാണ്. ഉന്നത പഠനത്തിന് പോകുവാൻ ആഗ്രഹിക്കുന്നവർക്ക് ചട്ടപ്രകാരം അർഹതയുള്ള ലീവ്/ശൂന്യവേതനാവധി എടുക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വിഷയം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സംസ്ഥാനത്തെ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ

114 (4400) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്; ഇവരുടെ ഫീസ് ഘടന സർക്കാർ നിശ്ചയിച്ചതാണോ; അല്ലെങ്കിൽ ഇവയിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള 105 സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ എല്ലായിടത്തുമായി 5590 നഴ്സിംഗ് സീറ്റുകളുമുണ്ട്. ഇവരുടെ മെരിറ്റ് സീറ്റിലെ ഫീസ് ഘടന സർക്കാർ അംഗീകരിച്ചതാണ്.

(ബി) ഏകദേശം ഓരോ വർഷവും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

പോസ്റ്റ് ബേസിക്

ബി.എസ്.സി. നഴ്സിംഗ്	-	730
എം.എസ്.സി. നഴ്സിംഗ്	-	403
ബി.എസ്.സി. നഴ്സിംഗ്	-	3604

പുതിയ കോളേജ്/കോഴ്സുകൾ അനുവദിക്കുന്ന മുറയ്ക്ക് ഈ കണക്കിൽ മാറ്റം വരാം.

ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം

115 (4401) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ താമസക്കാരനും തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ മെഡിക്കൽ ഫോട്ടോഗ്രാഫറുമായ എസ്. ഷാജിക്ക്

LIBRARY ARCHIVES Kerala Legislative Assembly